ബി.പി.ഇ. വകുപ്പ് അവലോകന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും അയച്ചുകൊടുത്ത് പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകാറുണ്ട്.

**ലാന്റ് അക്വിസിഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജോലിഭാരം**

41 (3256) ശ്രീ. എം. എ. ബേബി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ലാന്റ് അക്വിസിഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജോലിഭാരം കാരണം സംസ്ഥാനത്തെ വിവിധ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാന്റ് അസൈൻമെന്റിന് 3 സെക്ഷനുകൾ ഉള്ളപ്പോൾ കേരളത്തിലെ മുഴുവൻ ലാന്റ് അക്വിസിഷൻ കൈകാര്യം ചെയ്യുവാൻ ഒരു സെക്ഷൻ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ജോലിഭാരം കാരണം പദ്ധതികൾക്കുള്ള സ്ഥലമെടുപ്പിന് കാലതാമസം നേരിട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**2013-ലെ പൊതുപണിമുടക്കിന് പൊതുഭരണ സെക്രട്ടേറിയറ്റിൽ ഹാജരായ ജീവനക്കാർ**

42 (3257) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിയിൽ നടന്ന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കിൽ 'പൊതുഭരണ' സെക്രട്ടേറിയറ്റിൽ ഓരോ തസ്തികയിലും സാങ്ഷൻഡ് സ്ട്രെങ്ങ്തിൽ ഉൾപ്പെട്ട എത്രപേർ ജോലിക്ക് ഹാജരായി;

(ബി) ഇവരുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

**അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർക്ക് എതിരെ നടപടി**

43 (3258) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃതമായി ജോലിക്ക് ഹാജരാകാത്ത എത്ര ജീവനക്കാരെ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly